**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1566 — 14.06.2013 - ൽ മറുപടിക്ക്

**സാമൂഹ്യക്ഷേമത്തിനായിട്ടുള്ള പുതിയ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | **ഡോ. എം.കെ. മുനീർ** (ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) സർക്കാർ അധികാര മേറ്റശേഷം സാമൂഹ്യക്ഷേമത്തി നായി എന്തൊക്കെ പുതിയ പദ്ധ തികൾ നടപ്പിലാക്കി; വിശദമാ ക്കുമോ; | (എ) സർക്കാർ അധികാരമേറ്റശേഷം സാമൂഹ്യക്ഷേമത്തിനായി നടപ്പാക്കി വരുന്ന പദ്ധതികൾ ചുവടെ പറയുന്നവയാണ്.<br>വൈകല്യം മുൻകൂർ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വൈകല്യ ബാധിതരുടെ വിദ്യാഭ്യാസത്തിനും തൊഴിലിനും പുനരധിവാസത്തിനുമായുള്ള സംസ്ഥാന സംരംഭ പദ്ധതി.<br>ലിംഗപദവി സംബന്ധിച്ച വികസന അസമത്വത്തിന് പരിഹാരം കാണുവാൻ വേണ്ടി തന്റേടം ജൻഡർപാർക്ക് പദ്ധതി.<br>വിവിധ രോഗങ്ങളാൽ ശയ്യാവലംബികളായവർക്കുവേണ്ടി തൃശ്ശൂർ കേന്ദ്ര മാക്കി പാരാപ്ലജിക് രോഗികൾക്കു വേണ്ടി യുള്ള മാതൃക പുനരധിവാസ കേന്ദ്രം.<br>അഗതികൾക്ക് താമസം, ഭക്ഷണം, വസ്ത്രം എന്നിവ ഉറപ്പാക്കി അവർക്കുള്ള ഒരു അഭയകേന്ദ്രം തുടങ്ങുന്ന എന്റെ കൂട് പദ്ധതി.<br>മാനസിക വെല്ലുവിളികൾ നേരിടുന്നവർ ഉൾപ്പെടെയുള്ള വൈകല്യമുള്ളവർക്ക് പരിശീലനവും തൊഴിൽ അവസരവും സൃഷ്ടിക്കുന്നതിനായി വയനാട് ജില്ലയിൽ തൊഴിലധിഷ്ഠിത പുനരധിവാസ കേന്ദ്രം.<br>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയാനും പീഡനത്തിന് വിധേയരായ സ്ത്രീകളെ പുനരധിവസിപ്പിക്കുന്നതിനുള്ള അഭയകേന്ദ്രങ്ങളും വിഭാവനം ചെയ്യുന്ന നിർഭയ പദ്ധതി .<br>ബധിരരും മൂകരുമായ അഞ്ച് വയസ്സു വരെയുള്ള കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുന്നതിനായുള്ള കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി.<br>മാതാപിതാക്കൾ രണ്ടുപേരും അഥവാ ഇവരിൽ ഒരാൾ മരിച്ചുപോകുകയും ജീവിച്ചിരിക്കുന്നയാൾക്ക് കുട്ടികളെ സംരക്ഷിക്കാൻ കഴിയാത്ത അവസ്ഥയിൽ ഇത്തരം കുട്ടികളുടെ വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന സ്നേഹപൂർവ്വം പദ്ധതി.<br>കൗമാരക്കാരായ കുട്ടികൾക്കിടയിൽ മയക്കുമരുന്നുകൾ, ലഹരി പദാർത്ഥങ്ങൾ, |

നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ കൗൺസിലിംഗ് നൽകി കുട്ടികളെ നല്ല പൗരന്മാരായി വാർത്തെടുക്കുന്നതിനുള്ള ഔവ്വർ റസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ എന്ന പദ്ധതി .

സംസ്ഥാനത്ത് വൃക്കതകരാർ മൂലം ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ. കുടുംബങ്ങളിൽപ്പെട്ട രോഗികൾക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്നതിനായി സമാശ്വാസം പദ്ധതി.

ബി. നിലവിലുണ്ടായിരുന്ന സാമൂഹ്യക്ഷേമ സഹായങ്ങൾക്ക് എന്തൊക്കെ വർദ്ധനവ് ഈ സർക്കാർ നടപ്പിലാക്കി;വ്യക്തമാക്കുമോ ?

ബി.

| പദ്ധതിയുടെ പേര് | സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന പ്രതിമസ വിഹിതം | നിലവിലുള്ള പ്രതിമാസ വിഹിതം |
|---|---|---|
| 1. വികലാംഗ പെൻഷൻ | 300/- | 525/- |
| 2. 80 % ത്തിന് മുകളിൽ അംഗവൈകല്യമുള്ളവർക്കുള്ള പെൻഷൻ | 300/- | 700/- |
| 3. പാവപ്പെട്ട വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 10,000/- | 20,000/- |
| 4. അഗതി (വിധവ) പെൻഷൻ | 300/- | 525/- |
| 5. ദേശീയ വാർദ്ധക്യകാല പെൻഷൻ | 300/- | 400/- |
| 6. 80 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കുള്ള പെൻഷൻ | 300/- | 900/- |
| 7. 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 300/- | 525/- |
| 8. ചൂഷണത്തിനു വിധേയരായ അവിവാഹിതരായ അമ്മമാർക്ക് നൽകി വരുന്ന പ്രതിമാസ ധനസഹായം | 300/- | 1000/- |
| 9. കടുത്ത ശാരീരിക മാനസിക വെല്ലുവിളികളാൽ ശയ്യാവലംബരായി കഴിയുന്നവരെ പരിചരിക്കുന്നവർക്ക് നൽകി വരുന്ന പ്രതിമാസ ധനസഹായം | 300/- | 400/- |
| 10. ക്ഷേമസ്ഥാപനങ്ങളിലെ അന്തേവാസികൾക്കുള്ള വിവാഹ ധനസഹായം | 10000/- | 50,000/- |

എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം

| വിദ്യർത്ഥി പഠിക്കുന്ന ക്ലാസ്സുകൾ | നേരത്തെ നൽകിയിരുന്ന നിരക്ക് | വർദ്ധിപ്പിച്ച നിരക്ക് |
|---|---|---|

| | | | |
|---|---|---|---|
| | 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് | 1,000 | 2,000 |
| | 8 മുതൽ 10 വരെ | 2,000 | 3,000 |
| | +1,+2 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് | 2,500 | 4,000 |

R. Vijayak

സെക്ഷൻ ഓഫീസർ